**പതിമൂന്നാം കേരള നിയമസഭ**
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2173** **22/01/2014 ൽ മറുപടിയ്ക്ക്**

## വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിലെ എല്ലാ പെൻഷൻ കേസ്സുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായും തുടർന്നു നടപ്പിലാക്കിയ ഒരു വർഷ കർമ്മ പരിപാടിയുടെ ഭാഗമായും വനം വകുപ്പിൽ തീർപ്പാകാതെ കിടന്നിരുന്ന പെൻഷൻ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>1. വനം വകുപ്പിലെ ഓരോ ടെറിട്ടോറിയൽ സർക്കിളുകളിലെയും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലെയും തീർപ്പാകാതെ കിടക്കുന്ന പെൻഷൻ കേസ്സുകൾ പരിശോധിക്കുവാനായി ഒരു പ്രത്യേക ടീം രൂപവൽക്കരിച്ചു.<br>2. ഓരോ സർക്കിൾ പരിധിയിലും തീർപ്പാകാതെ കിടന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും പഴക്കം ചെന്ന കേസ്സുകൾ മുൻഗണനാ ക്രമത്തിൽ തരം തിരിച്ച് പ്രത്യേകം നടപടി സ്വീകരിക്കുകയുണ്ടായി.<br>3. വിജിലൻസ് കേസ്സിൽ ഉൾപ്പെടാത്ത അച്ചടക്കനടപടികൾ നിലനിൽക്കുന്ന കേസ്സുകളിൽ അവ എത്രയും പെട്ടെന്നു തീർപ്പാക്കി പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി |

4. ബാദ്ധ്യതകൾ സമയബന്ധിതമായി തിട്ട പ്പെടുത്തി ചട്ട പ്രകാരം പെൻഷണറെ അറിയിക്കുവാനും വിശദീകരണം നൽകുവാൻ 15 ദിവസത്തെ സമയം അനുവദിച്ച ശേഷം അന്തിമമായി തീർപ്പാക്കുവാനും നടപടി സ്വീകരിക്കുകയുണ്ടായി.
5. പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണങ്ങൾ പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുകയുണ്ടായി.
6. വനം വകുപ്പ് ആസ്ഥാനത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററു(ഭരണം) ടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപവൽക്കരിച്ചു.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ബി) & (സി) തീർപ്പാകാതെ കിടന്നിരുന്ന പഴക്കം ചെന്ന കേസ്സുകൾ മുൻഗണനാക്രമത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് അവ സമയബന്ധിതമായി തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി സർക്കിൾ തലത്തിൽ രൂപീകരിച്ച പ്രത്യേക ടീം അതാത് സർക്കിൾ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലെയും തീർപ്പാകാതെ കിടന്നിരുന്ന പഴക്കം ചെന്ന പെൻഷൻ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിയാണ് ആദ്യം സ്വീകരിച്ചത്. അപ്രകാരം 01/06/2011 തീയതി കണക്കാക്കി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം വനം വകുപ്പിൽ 540 പെൻഷൻ കേസ്സുകൾ തീർപ്പാക്കുവാനുള്ളതായി കണക്കാക്കിയിട്ടുണ്ടായിരുന്നു. വിജിലൻസ്/ വകുപ്പുതല കേസ്സുകൾ നിലവിലുള്ളതിനാൽ, ബാദ്ധ്യത തിട്ടപ്പെടുന്നതിൽ ഉണ്ടായ കാലതാമസമാണ് പെൻഷൻ കേസ്സുകൾ തീർപ്പാക്കുവാൻ തടസ്സമായിട്ടുള്ളതെന്ന് കണ്ടെത്തിയ കേസ്സുകളിൽ വിജിലൻസ് കേസ് നിലവിലുള്ളവ ഒഴികെയുള്ള മറ്റ് വകുപ്പ് തല അച്ചടക്കനടപടികൾ ബന്ധപ്പെട്ട അച്ചടക്ക ശിക്ഷണ അധികാരികൾ സമയബന്ധിതമായി തീർപ്പാക്കുകയും അതനുസരിച്ച് തിട്ടപ്പെടുത്തിയ ബാദ്ധ്യതാ വിവരം

പെൻഷണറെ അറിയിച്ച് 15 ദിവസത്തിനകം വിശദീകരണം നൽകുവാൻ അവസരം നൽകുകയുമുണ്ടായി. തുടർന്ന് സർക്കിൾ തലത്തിലും വനം വകുപ്പാസ്ഥാനത്തും 12 പെൻഷൻ അദാലത്തുകൾ സംഘടിപ്പിച്ച് വിശദീകരണം പരിശോധിച്ച് പെൻഷണറുടെ ആവലാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു. അപ്രകാരം 437 കേസ്സുകൾക്ക് അന്തിമ തീർപ്പുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 01/6/2011 ന് നിലവിൽ ഉണ്ടായിരുന്നതും 01/06/2011-നുശേഷം വിവിധ കാരണങ്ങളാൽ തീർപ്പാക്കാൻ കാലതാമസം നേരിട്ടതുമായി വകുപ്പിൽ ഉണ്ടായിരുന്ന 217 പെൻഷൻ കേസ്സുകളിൽ നാളിതുവരെ 130 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ വകുപ്പിൽ 87 കേസ്സുകൾതീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**